"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - കേരളത്തിലെ മുഴുവൻ സ്കൂളുകളേയും കോർത്തിണക്കിക്കൊണ്ട് കൈറ്റിന്റെ നേതൃത്വത്തിൽ സജ്ജമാക്കിയ സ്കൂൾ വിജ്ഞാനകോശം പോർട്ടലായ 'സ്കൂൾവിക്കി'യിൽ എല്ലാ സ്കൂളുകളും പങ്കാളികളാകുന്നതിനും കാലാനുസൃതമായി 'സ്കൂൾവിക്കി' പേജ് അപ്ഡേറ്റ് ചെയ്യുന്നതിനും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.1198/2022/GEDN തീയതി,തിരുവനന്തപുരം, 01-03-2022

---

പരാമർശം:- 15.02.2022 ലെ കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കൈറ്റ്/2022/1350 (7) നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ വിദ്യാലയങ്ങൾ ഓൺലൈനിൽ സൃഷ്ടിക്കുന്ന വിദ്യാലയങ്ങളെ സംബന്ധിക്കുന്ന ഒരു വിജ്ഞാനകോശമായി schoolwiki.in എന്ന പോർട്ടൽ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) വികസിപ്പിട്ടുണ്ടെന്നും,സ്കൂൾവിക്കിയിൽ ഒരുലക്ഷത്തി അൻപതിനായിരത്തോളം ലേഖനങ്ങളും നാൽപതിനായിരത്തോളം ഉപയോക്താക്കളും ഉണ്ടെന്നും അതിന്റെ ഉള്ളടക്കം സ്വതന്ത്രവും കൂട്ടായ പ്രവർത്തനത്തിലൂടെ ഉരുത്തിരിഞ്ഞതാണെന്നും ആർക്കും തെറ്റ് തിരുത്തുന്നതിനും വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കഴിയുമെന്നും , സ്കൂളുകളുടെ സ്ഥിതിവിവരങ്ങൾ, സ്കൂൾചരിത്രം, പ്രാദേശികചരിത്രം, സ്ഥലപരിചയം, ഭൗതിക സൗകര്യങ്ങൾ, പഠനവിഷയങ്ങൾ, പാഠ്യേതര പ്രവർത്തനങ്ങൾ, വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ, പൂർവ്വകാല പ്രഥമാദ്ധ്യാപകർ, വിവിധമേഖലകളിൽ പ്രശസ്തരായ വിദ്യാർത്ഥികൾ തുടങ്ങി സ്കൂളിനെക്കുറിച്ചുള്ള ഒരു വിജ്ഞാനകോശമെന്നതോടൊപ്പം വിദ്യാർത്ഥികളുടെ കലാസൃഷ്ടികൾ ഉൾപ്പെടെയുള്ള രചനകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള ഒരിടമായും 'സ്കൂൾവിക്കി' പ്രവർത്തിക്കുന്നുണ്ടെന്നും മേൽ സാഹചര്യത്തിൽ കൈറ്റിന്റെ നേതൃത്വത്തിൽ സജ്ജമാക്കിയ സ്കൂൾ വിജ്ഞാനകോശം പോർട്ടലായ 'സ്കൂൾവിക്കി'യിൽ സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളും അവരവരുടെ പേജ് തയ്യാറാക്കുന്നതിനും അത് കാലാനുസൃതമായി അപ്ഡേറ്റ് ചെയ്യുന്നതിനും നിർദ്ദേശം നൽകണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് പരാമർശ പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളെയും കോർത്തിണക്കിക്കൊണ്ട് കൈറ്റിന്റെ നേതൃത്വത്തിൽ സജ്ജമാക്കിയ സ്കൂൾ വിജ്ഞാനകോശം പോർട്ടലായ സ്കൂൾവിക്കിയിൽ എല്ലാ സ്കൂളുകളും പങ്കാളികളാകുന്നതിനും ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കാലാനുസൃതമായി ഓരോ സ്കൂളിന്റേയും പേജ് സ്കൂൾ വിക്കിയിൽ അപ്ഡേറ്റ് ചെയ്യുന്നതിനും ചുവടെ പറയുന്ന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളും 'സ്കൂൾവിക്കി' യിൽ അവരവരുടെ പേജുകൾ സജ്ജമാക്കേണ്ടതും സ്കൂളുകളുടെ പേജിൽ വസ്തുതാപരമായ തെറ്റുകൾ ഇല്ലെന്നും ഉള്ളടക്കത്തിൽ മേന്മപുലർത്തുന്നതാണന്നും അതത് സ്കൂളുകൾ ഉറപ്പുവരുത്തേണ്ടതുമാണ്.

2. ഓരോ കാമ്പസിലേയും എല്ലാ വിഭാഗം വിദ്യാലയങ്ങളുടേയും വിശദാംശങ്ങൾ കൃത്യമായി ഉൾപ്പെടുത്തുന്നതിനും കാലാനുസൃതമായി അപ്ഡേറ്റ് ചെയ്യുന്നതിനും അതത് വിഭാഗം സ്ഥാപനമേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതും ഇതിനായി നോഡൽ ഓഫീസർമാരെയും എഡിറ്റോറിയൽ ടീമിനേയും നിയോഗിക്കേണ്ടതുമാണ്.

3. 'സ്കൂൾവിക്കി'-യിലെ ഉള്ളടക്കങ്ങൾ സ്വതന്ത്രാവകാശത്തോടെ പൊതുസഞ്ചയത്തിൽ ലഭ്യമാക്കേണ്ടതും പകർപ്പവകാശലംഘനം ഉണ്ടാകുന്ന യാതൊന്നും അതിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും സ്കൂൾ അധികൃതർ ഉറപ്പുവരുത്തേണ്ടതുമാണ്.

4. സ്കൂളിലെ പൂർവ വിദ്യാർത്ഥികൾ ഉൾപ്പെടെ പൊതുസമൂഹത്തിനും 'സ്കൂൾവിക്കിയിൽ വിവരങ്ങൾ നൽകാൻ സംവിധാനമൊരുക്കേണ്ടതും അത്തരം വിവരങ്ങൾ എഡിറ്റോറിയൽ ടീം പരിശോധിച്ച് തുടർനടപടികൾ എടുക്കേണ്ടതുമാണ്.

5. 'സ്കൂൾവിക്കി' കാലാനുസൃതമായി നവീകരിക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനും കൈറ്റ് ക്രമീകരണം ഒരുക്കേണ്ടതാണ്. 'ലിറ്റിൽ കൈറ്റ്സ്' ഐടി ക്ലബുകളുടെ സേവനങ്ങളും ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

6. സ്കൂൾതല പരിശോധനകൾക്കിടയിലും മറ്റു പദ്ധതികൾ നടപ്പാക്കുമ്പോഴും വിദ്യാഭ്യാസ ഓഫീസർമാർ ബന്ധപ്പെട്ട സ്കൂളിന്റെ 'സ്കൂൾവിക്കി' പേജുകൾ പ്രത്യേകം പരിശോധിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ /ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ., തിരുവനന്തപുരം
ഡയറക്ടർ, എസ്.ഐ.ഇ.ടി., തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sindhu S**
**Date: 03-03-2022 11:05:16**

സെക്ഷൻ ഓഫീസർ